**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1445** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **null**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നൂറുകണക്കിന് പട്ടയ അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെ അവശേഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലായി ഏകദേശം 7000 അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനുണ്ട്. |
| (ബി) | എങ്കിൽ അപ്രകാരമുള്ള പട്ടയ അപേക്ഷകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തീർപ്പ് കല്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 3 വില്ലേജുകളിലായി ഏകദേശം 1400-ൽപരം ഹെക്ടർ ഭൂമി പതിച്ച് നല്കേണ്ടതുണ്ട്. വനം വകുപ്പിന്റെ രേഖകളിൽ ടി അപേക്ഷാ സ്ഥലങ്ങൾ റിസർവ് വനങ്ങളിൽ ഉൾപ്പെടുന്ന പട്ടികവർഗ്ഗ കോളനികളാണെന്നും ആയതിനാൽ 2/6/2020 ലെ സ.ഉ (സാധാ) 2020/2020/റവ നമ്പർ ഉത്തരവ് പ്രകാരം പതിച്ച് നൽകുന്നത് 1980 ലെ കേന്ദ്ര വന നിയമത്തിന്റെ ലംഘനമാണെന്ന് വനം വകുപ്പ് അധികൃതർ ആക്ഷേപം ഉന്നയിച്ചിട്ടുമുണ്ട്. ഇക്കാര്യങ്ങൾ നിയമാനുസൃതമായി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. കാഞ്ഞിരപ്പിള്ളി താലൂക്കിലെ എരുമേലി തെക്ക് വില്ലേജിൽ പമ്പാ വാലി എയ്ഞ്ചൽ വാലി പ്രദേശങ്ങളിൽ 2015-16 കാലഘട്ടത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾക്ക് കരം സ്വീകരിക്കുന്നതിനുള്ള തടസം ശ്രദ്ധയിൽപ്പെടുകയുണ്ടായി. പത്തനംതിട്ട ജില്ലയിൽ കൊല്ലംമുള വില്ലേജിൽ ഉൾപ്പെട്ട പ്രദേശം പിന്നീട് സർക്കാർ വിജ്ഞാപനത്തിലൂടെ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പിള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽ ഉൾപ്പെട്ടതിനാലാണ് കരം സ്വീകരിക്കാൻ കഴിയാത്തത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കാൻ സർവേ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദേശം നൽകുകയും സർവ്വേ ജോലികൾ പൂർത്തീകരിച്ച് റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ പ്രത്യേക സർവ്വേ സംഘത്തെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. നടപടികൾ സമയബന്ധിതമായി പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കൈവശ ഭൂമിക്ക് ഉടമസ്ഥർക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ചട്ടപ്രകാരം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ